# കേരള സർവകലാശാല

നം.പി.ആർ.180/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.കോം പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ഒക്ടോബർ അഞ്ചിന് തുടങ്ങുന്ന ബി.കോം (പാർട്ട് മൂന്ന് - ആന്വൽ സ്കീം) സപ്ലിമെന്ററി പരീക്ഷയ്ക്ക് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട ആൺകുട്ടികൾ ചെമ്പഴന്തി എസ്.എൻ കോളേജിലും പെൺകുട്ടികൾ തുമ്പ സെന്റ് സേവിയേഴ്സ് കോളേജിലും സംസ്കൃതം കോളേജ് ആവശ്യപ്പെട്ട പെൺകുട്ടികൾ നീറമൺകര എൻ.എസ്.എസ്കോളേജ് ഫോർ വിമനിലും ആൺകുട്ടികൾ (ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ എ മുതൽ കെ വരെയുള്ളവർ) തുമ്പ സെന്റ് സേവിയേഴ്സ് കോളേജിലും ബാക്കിയുള്ളവർ സംസ്കൃത കോളേജിലും ആർട്സ് കോളേജ് ആവശ്യപ്പെട്ട ആൺകുട്ടികളും മാർ ഇവാനിയോസ് കോളേജ് ആവശ്യപ്പെട്ടവരും എം.ജി കോളേജിലും പെൺകുട്ടികൾ നീറമൺകര എൻ.എസ്.എസ് കോളേജ് ഫോർ വിമനിലും പരീക്ഷയെഴുതണം. പരീക്ഷയെഴുതുന്ന കേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങണം.

കൊല്ലം എഫ്.എം.എൻ കോളേജ് ആവശ്യപ്പെട്ട ആൺകുട്ടികളും കൊല്ലം എസ്.എൻ കോളേജ് ആവശ്യപ്പെട്ടവരും കൊല്ലം ടി.കെ.എം കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. എഫ്.എം.എൻ കോളേജ് ആവശ്യപ്പെട്ട പെൺകുട്ടികൾ കൊല്ലം എസ്.എൻ കോളേജ് ഫോർ വിമനിലും, ശാസ്താംകോട്ട ഡി.ബി കോളേജ് ആവശ്യപ്പെട്ട ആൺകുട്ടികളിൽ (ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ എ മുതൽ ജെ വരെയുള്ളവർ) ചവറ ബി.ജെ.എം കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. ബാക്കിയുള്ളവർ ശാസ്താംകോട്ട ഡി.ബി കോളേജിൽ പരീക്ഷയെഴുതണം.

പന്തളം എൻ.എസ്.എസ് കോളേജ് ആവശ്യപ്പെട്ട ആൺകുട്ടികൾ പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. ചേർത്തല എൻ.എസ്.എസ് കോളേജ്, കണ്ണൂർ, മലപ്പുറം, കോട്ടയം, തൃശ്ശൂർ, പാലക്കാട് എൽ.എസ്.സി ആവശ്യപ്പെട്ടവർ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. മറ്റ് പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

### എം.എസ്സി ബയോകെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി ബയോകെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും ഒക്ടോബർ നാല് മുതൽ 13 വരെ രാവിലെ 10 മണിമുതൽ വൈകുന്നേരം നാല് മണിവരെ അതത് കോളേജുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എഡ് ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് (സപ്ലിമെന്ററി - 2013 & 2004 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിന് ഒക്ടോബർ 28 വരെ അപേക്ഷിക്കാം.

## എം.എ ഇക്കണോമിക്സ് (ഫൈനൽ) പരീക്ഷയുടെ വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം എം.എ ഇക്കണോമിക്സ് (ഫൈനൽ) പരീക്ഷയുടെ വൈവ ഒക്ടോബർ 13 മുതൽ 21 വരെ പാളയം എസ്.ഡി.ഇ ഓഫീസിൽ രാവിലെ 10 മണിമുതൽ നടത്തും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും പ്രോജക്ടിന്റെ ഒരു പകർപ്പുമായി ഹാജരാകണം. . വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ ഹിസ്റ്ററി വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം എം.എ ഹിസ്റ്ററി (ഫൈനൽ) വൈവ ഒക്ടോബർ മൂന്ന്, നാല്, അഞ്ച് തീയതികളിൽ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ നടത്തും.

## എം.എസ്സി മാത്തമാറ്റിക്സ് വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി മാത്തമാറ്റിക്സ് പരീക്ഷയുടെ വൈവ ഒക്ടോബർ മൂന്ന് മുതൽ ആറ് വരെ രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ സംസ്കൃതം (സ്പെഷ്യൽ) വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ സംസ്കൃതം (സ്പെഷ്യൽ) പരീക്ഷയുടെ വൈവ ഒക്ടോബർ മൂന്ന് മുതൽ രാവിലെ 10 മണിക്ക് അതത് കോളേജുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സമ്പർക്കക്ലാസില്ല

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ക്ലാസുകൾ ഒക്ടോബർ ഒന്ന്, രണ്ട് തീയതികളിൽ ഒരു കേന്ദ്രങ്ങളിലും ഉണ്ടായിരിക്കില്ല.

## മൂല്യനിർണ്ണയം : വിരമിച്ച അദ്ധ്യാപകർക്ക് അപേക്ഷിക്കാം

കേരള സർവകലാശാലയിൽ മൂല്യനിർണ്ണയത്തിന് വിരമിച്ച 70 വയസ്സുവരെയുള്ള ഇംഗ്ലീഷ് അദ്ധ്യാപകർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ അപേക്ഷയോടൊപ്പം സർവ്വീസ് വിവരം, ഫോൺ നമ്പർ, ഇ-മെയിൽ എന്നിവ സഹിതം പരീക്ഷാകൺട്രോളർക്ക് ഒക്ടോബർ 22-നകം ഇ-മെയിൽ (ku.controller@yahoo.in) ചെയ്യണം.

## ബി.കോം ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ് - പ്രോഗ്രാം കോഡ് 159 - 2015 റെഗുലർ - 2014 ഇംപ്രൂവ്മെന്റ് - 2013 സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ അപേക്ഷിക്കാം.

## ബി.എ, ബി.എസ്സി ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ, ബി.എസ്സി (റെഗുലർ 2015 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2014 അഡ്മിഷൻ & സപ്ലിമെന്ററി 2013 അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭിക്കും.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

29.09.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**